# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2584** **06/12/2018-ൽ മറുപടിയ്ക്ക്**

### ജില്ലാ സഹകരണ ബാങ്കുകളുടെ ലയനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുളളവ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതേവരെ സ്വീകരിച്ചിട്ടുളളത്? | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം പുരോഗമിച്ചു വരുന്നു. നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി കേരള ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ